


# സ്നാപകയോഹന്നാന്റെ ജനനം

(ലൂക്കാ 1:57 – 66; എഫേ. 3:1 – 13)

ബ്ര. വർഗ്ഗീസ് ചിലമ്പട്ടുശ്ശേരി MCBS

Vol. 11, Issue: 31

**ഈ**ശോയിൽ സ്നേഹം നിറഞ്ഞവരേ,

ഓരോ കുഞ്ഞിന്റെ പിറവിയും ദൈവത്തിന് മനുഷ്യരാശിക്കുമേൽ പ്രതീക്ഷ നഷ്ടപ്പെട്ടിട്ടില്ല എന്നതിന്റെ ഓർമ്മപ്പെടുത്തലാണ്. ഓരോ കുഞ്ഞിന്റെ പിറവിയും ഓരോ മംഗളവാർത്തയാണ്. ദൈവം മനുഷ്യനെ സ്നേഹിക്കുന്നുവെന്നതിന്റെ ആവിഷ്ക്കാരങ്ങളായി ഓരോ മംഗളവാർത്തയും തീരുന്നു.

മംഗളവാർത്താക്കാലം മൂന്നാം ആഴ്ചയിൽ തിരുസഭാ മാതാവ് നൽകുന്ന ധ്യാനചിന്ത, ദൈവം നൽകിയ പേര് സ്വീകരിക്കുന്നതു മൂലം ഒരു കുടുംബവും, ഒരു ജനതയും സന്തോഷിക്കുന്നു എന്ന വലിയ സത്യമാണ്. മാതാവിന്റെയും പിതാവിന്റെയും പേരിൽ നിന്ന് ആദ്യാക്ഷരങ്ങൾ പെറുക്കിയെടുത്ത് പേരുണ്ടാക്കുന്ന ഈ കാലഘട്ടത്തിൽ സഖറിയ - എലിസബത്ത് ദമ്പതികൾ, തങ്ങൾക്കുണ്ടാകുന്ന കുഞ്ഞിന് ദൈവം നൽകിയ പേര് നൽകുവാൻ തയ്യാറാവുകയാണ്. അസാധ്യതകളെ സാധ്യതകളാക്കി മാറ്റുന്ന ദൈവത്തിന്റെ ശക്തമായ ഇടപെടൽ, ദൈവം തന്റെ ജനത്തെ കൈവെടിയുകയില്ല എന്നതിന്റെ തെളിവ്, വാഗ്ദാനങ്ങളിൽ വിശ്വസ്തനാണ് എന്നതിന്റെ ഓർമ്മപ്പെടുത്തൽ ഒക്കെയാണ് സ്നാപകന്റെ ജനനം. മരുഭൂമിയിലെ പാറയിൽ നിന്ന് അരുവി ഒഴുക്കാൻ കഴിയുന്ന ദൈവത്തിന്, എലിസബത്തിന്റെ വന്ധ്യതയ്ക്കപ്പുറവും സഖറിയായുടെ പ്രായാധിക്യത്തിനപ്പുറവും കൃപ വർഷിക്കാൻ കഴിയുമെന്ന് തെളിയിക്കുകയാണ്. ഒടുവിൽ, രക്ഷിക്കാൻ കഴിയാത്തവിധം കർത്താവിന്റെ കരം കുറുകിപ്പോയിട്ടില്ല എന്ന് ഒരിക്കൽ കൂടി ലോകം തിരിച്ചറിയാൻ സ്നാപകന്റെ ജനനം ഇടയായി തീർന്നു.

വി. ലൂക്കായുടെ സുവിശേഷത്തിൽ ബാല്യകാല അദ്ധ്യായങ്ങൾ എന്നറിയപ്പെടുന്ന ഒന്നും രണ്ടും അദ്ധ്യായങ്ങൾ യേശുവിന്റെയും യോഹന്നാന്റെയും ജനനത്തെക്കുറിച്ചുള്ള വിവരണങ്ങൾ വ്യക്തമാക്കിത്തരുന്നു. രക്ഷകന്റെ വരവിനായി കാത്തിരിക്കുന്ന നമുക്ക് രക്ഷകനു മുന്നോടിയായി, അവന്റെ വരവിന് വഴിയൊരുക്കുന്ന സ്നാപകന്റെ ജനനത്തിന്റെ ശ്രേഷ്ഠത വി. ലൂക്കാ വരച്ചുകാണിക്കുന്നു.

സന്താനഭാഗ്യമില്ലാതിരിക്കുന്നത് ദൈവാനുഗ്രഹത്തിന്റെ കുറവും ദൈവശിക്ഷയുടെ അടയാളവുമായി കണ്ടിരുന്ന ലോകത്ത് ജറൂസലേം ദൈവാലയത്തിലെ പുരോഹിതന്റെ ഭാര്യ, അതും അഹറോൻ വംശജ മക്കളില്ലാതെ കഴിയുക എന്നത് അപമാനകരമായ കാര്യമായിരുന്നു. ഒടുവിൽ മനുഷ്യരുടെ ഇടയിൽ അവർക്കുള്ള അപമാനം നീക്കിക്കളയാൻ ദൈവം ഒരു കുഞ്ഞിനെ നൽകി അവളെ അനുഗ്രഹിച്ചു.

വിശ്വാസികളുടെ പിതാവായ അബ്രാഹാമുമായി ദൈവം ചെയ്ത ഉടമ്പടിയുടെ അടയാളമാണ് പരിച്ഛേദനം. നവ

ജാതശിശുവിന് എട്ടാം ദിവസം പരിച്ഛേദനം ചെയ്യുകയെന്നതും അന്നേ ദിനം ശിശുവിന് പേര് നൽകുക എന്നതും യഹൂദന്മാരുടെ ആചാരമായിരുന്നു. സാറായിൽ നിന്നു ജനിച്ച മകന് ഇസഹാക്ക് എന്ന് അബ്രാഹം പേരിട്ടു (ഉൽ. 21:3-4). കുഞ്ഞ് പിറന്നിട്ട് എട്ടാം ദിവസം ദൈവകൽപനപ്രകാരം അബ്രാഹം അവന് പരിച്ഛേദനം നടത്തി. ജനനസമയത്തു തന്നെ പേരിടുകയും എട്ടാം ദിനം തന്നെ പരിച്ഛേദനം നടത്തുകയും ചെയ്തിരുന്നു എന്നതിന്റെ അടയാളമാണ് ഈ വാക്യം. യഹൂദ പാരമ്പര്യമനുസരിച്ച് ആദ്യജാതന് പിതാവിന്റെ പേര് നൽകി കുട്ടിയെ വളർത്തണമെന്ന ബന്ധുക്കളുടെ തീരുമാനത്തെ എലിസബത്ത് എതിർത്തുകൊണ്ട് ദൂതൻ വഴി ദൈവം തന്ന ‘യോഹന്നാൻ’ എന്ന പേര് എലിസബത്തിന്റെയും സഖറിയായുടെയും തീരുമാനത്തോടെ ശിശുവിനു നൽകാൻ തീരുമാനമായി. പാരമ്പര്യങ്ങളെയും തീരുമാനങ്ങളെയും മാനുഷിക പരിഗണനയും ഒന്നും വകവയ്ക്കാതെ ദൈവഹിതത്തിനും ദൈവാനുസരണത്തിനും ആത്മീയതയ്ക്കും വിശ്വാസത്തിനും ആ ദമ്പതികൾ സമർപ്പണം നടത്തി. ദൈവം നൽകിയ പേര് അവനു നൽകി.

ഈ ശിശു തങ്ങളുടേതല്ല, ദൈവകരുണയുടെ സമ്മാനമാണ് എന്ന സാക്ഷ്യപ്പെടുത്തലാണ്. മനുഷ്യന്റെ കുറവുകളിൽ ദൈവകരുണ പ്രവർത്തിക്കുന്നതിന്റെ ചുവടുവയ്പാണ് യോഹന്നാന്റെ ജനനമെങ്കിൽ, അത് സാക്ഷ്യപ്പെടുത്തുക കരുണയുടെ യുഗമാണ് വരാനിരിക്കുന്നത് എന്നാണ്. ശിശുവിന്റെ പേര്, ദൈവം ആ ദമ്പതികൾക്കു നൽകിയ വലിയ കൃപയെ മാത്രമല്ല, ഇസ്രായേൽ മുഴുവനും ലോകം മുഴുവനും വേണ്ടി ദൈവം ഒരുക്കിയ രക്ഷാകരകൃപയെ അനുസ്മരിക്കുന്നുണ്ട്.

പ്രിയമുള്ളവരേ, ഓരോ പേരിലും ഓരോ ദൗത്യമുണ്ടെന്ന് തിരുവചനം വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. ദൈവം ഒരു വ്യക്തിക്ക് ഒരു പേര് നൽകുന്നുണ്ടെങ്കിൽ ഏൽപിക്കാൻ പോകുന്ന ദൗത്യത്തിന്റെ സൂചനയും ആ പേരിലുണ്ടായിരിക്കും. അത് പേര് നൽകുന്ന ദൈവത്തിന്റെ പദ്ധതിയും സ്വപ്നവുമാണ്. “ഇനിമേൽ നീ അബ്രാം എന്നു വിളിക്കപ്പെടുകയില്ല. നിന്റെ പേര് അബ്രാഹം എന്നായിരിക്കും” (ഉൽ. 17:5); ദൈവം അബ്രാഹത്തോട് അരുൾ ചെയ്തു: “നിന്റെ ഭാര്യ സാറായി ഇനിമേൽ സാറായി എന്നല്ല വിളിക്കേണ്ടത്, അവളുടെ പേര് സാറാ എന്നായിരിക്കും” (ഉൽ. 17:15). പൂർവ്വപിതാവായ യാക്കോബ് നദിക്കരയിൽ ഒരു രാത്രി മുഴുവൻ ദൈവദൂതനുമായി മല്ലിട്ടു. മൽപ്പിടുത്തത്തിന്റെ അവസാനം യാക്കോബ് ഒരു അനുഗ്രഹം ചോദിക്കുന്നുണ്ട്. അതിന് ദൈവം കൊടുത്ത അനുഗ്രഹം നല്ല ഒരു പേരാണ്. അവൻ പറഞ്ഞു: “ഇനിമേൽ നീ യാക്കോബ് എന്നല്ല, ഇസ്രായേൽ എന്നു വിളിക്കപ്പെടും” (മത്തായി 1:20). “കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് അവനോട് പറഞ്ഞു: അവൾ ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്ന് പേരിടണം.” തുടർന്ന് ശിമയോനെ ‘കേപ്പാ’ എന്നു വിളിക്കുമ്പോഴും ദൈവം കണ്ടത് ഒരു സ്വപ്നവും ദൗത്യവുമായിരുന്നു. പ്രിയമുള്ളവരേ, മാമ്മോദീസായിലൂടെ പുതിയ പേര് സ്വീകരിച്ച നമുക്ക് ഒരു ദൗത്യമുണ്ട്, നാം വിശ്വസിക്കുന്നവന്റെ ഒരു സ്വപ്നമുണ്ട്. യോഹന്നാനെപ്പോലെ ഈ കാലഘട്ടത്തിലേയ്ക്ക് ദൈവം കരുതിവച്ചിരിക്കുന്ന കരുണയുടെ നിക്ഷേപങ്ങളാണ് നാമോരോരുത്തരും എന്ന് തിരിച്ചറിയാം.

ഒടുവിൽ ശിശു ആരായിത്തീരും എന്ന ജിജ്ഞാസ ഉദ്ദീപിപ്പിച്ചുകൊണ്ട് യോഹന്നാന്റെ ജനനത്തെക്കുറിച്ച് വിവരണം അവസാനിപ്പിക്കാൻ ശ്രമിക്കുന്നതിലൂടെ സുവിശേഷകനായ ലൂക്കാ, വരാൻ പോകുന്ന ദൈവിക ഇടപെടലിനെ സൂചിപ്പിക്കുകയാണ്. ഈ ശിശുവും ഈ ശിശുവിലൂടെ സംഭവിക്കാനിരിക്കുന്ന ദൈവിക ഇടപെടലുകളും അത്ഭുതമായിരിക്കും എന്ന് സ്പഷ്ടമാണ്. കർത്താവിന്റെ കരം അവനോടു കൂടെയുണ്ടായിരുന്നു. രക്ഷകനായ യേശുവിന് വഴിയൊരുക്കാൻ അയയ്ക്കപ്പെട്ട യോഹന്നാന്റെ രണ്ട് ദൗത്യങ്ങൾ ഇന്ന് നമുക്കാണ് നൽകപ്പെട്ടിരിക്കുന്നത്. ഒന്ന്, പാപമോചനത്തിലൂടെ ലഭിക്കുന്ന രക്ഷയെക്കുറിച്ച് അറിവ് നൽകുക. രണ്ട്, ഇരുളിൽ കഴിയുന്നവരെ പ്രകാശത്തിന്റെ പാതയിലൂടെ നയിക്കുക. എല്ലാവരും വിശുദ്ധിയിലേയ്ക്കാണ് വിളിക്കപ്പെട്ടിരിക്കുന്നത് എന്ന ചിന്തയിൽ മറ്റൊരു ക്രിസ്തുവാകാൻ വിളിക്കപ്പെട്ടിരിക്കുന്ന നമുക്ക് യോഹന്നാന്റെ ദൗത്യം ഏറ്റെടുക്കാം. ഇന്നത്തെ ലേഖനത്തിൽ നാം വായിച്ചതുപോലെ, നിസ്സാരരിൽ നിസ്സാരനായ എന്നെ അവിടുന്ന് തെരഞ്ഞെടുത്തു എന്ന്. നമുക്ക് ക്രിസ്തുവോ, രക്ഷകനോ ആകാൻ സാധിക്കില്ല. എന്നാൽ ക്രിസ്തുവിന് സാക്ഷികളാകുവാൻ സാധിക്കും. വിശ്വാസത്തോടെ ജീവിക്കുന്നവർക്കും വിശ്വാസത്തോടെ കാത്തിരിക്കുന്നവർക്കും ദൈവത്തിന്റെ കരം കൂടെയുണ്ടെന്ന സത്യം സഖറിയായുടെ ജീവിതത്തിൽ നിന്നു വ്യക്തമാണ്. ഏകാന്തതയുടെ നിമിഷത്തിലും സഹനത്തിന്റെ വേദനയിലും പ്രത്യാശയോടെ കാത്തിരിക്കാൻ സഖറിയ-ഏലീശ്വാ ദമ്പതികൾ നമ്മെ പഠിപ്പിക്കുന്നുണ്ട്.

രക്ഷകനെക്കുറിച്ചുള്ള മംഗളവാർത്തയുടെ പശ്ചാത്തലത്തിലും ലൂക്കാ സുവിശേഷകൻ വിവരിക്കുന്ന ഒരു സംഭവം തന്നെ, നീതിനിഷ്ഠരായിരുന്നിട്ടും ദൈവം അനുവദിക്കുന്ന സഹനങ്ങളെ സഹിക്കുന്ന ദമ്പതികളെയാണ്. നീതിമാന്റെ സഹനത്തിന് വിലയുണ്ട് എന്ന് ഈ ദമ്പതികൾ കാണിച്ചുതരുന്നു. പ്രിയമുള്ള സഹോദരങ്ങളേ, യോഹന്നാനെപ്പോലെ പാപമോചനവും രക്ഷയും നൽകുന്നവന് വഴിയൊരുക്കാൻ, നമ്മുടെ വിളികൾക്കു പിന്നിൽ യേശുവിന്റെ ഒരു സ്വപ്നമുണ്ട് എന്ന യാഥാർത്ഥ്യത്തോടെ ജീവിക്കാനുള്ള അനുഗ്രഹത്തിനായി ഈ ബലിയിൽ നമുക്ക് പ്രാർത്ഥിക്കാം, ആമ്മേൻ.